
കെ. അശ്റഫ്

# ജനാധിപത്യം, ഇസ്‌ലാമിസം, പോസ്റ്റ്–ഇസ്‌ലാമിസം

## അസിഫ് ബയാത്തിന്റെ പുസ്തകം വായിക്കുമ്പോൾ



Islam and Democracy:
What is the Real Question?
Asef Bayat
Amsterdam University Press (2007)

**ഇസ്‌ലാമും** ജനാധിപത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറയുന്ന പ്രധാന പുസ്തകമാണ് ജോൺ എൽ എസ്പോസിറ്റോയും ജോൺ.ഒ വോളും ചേർന്ന് എഴുതിയ 'ഇസ്‌ലാം ആന്റ് ഡമോക്രസി' (ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി 1996). ഈ പുസ്കത്തിന്റെ പരികൽപന(concept) തന്നെ ഇസ്‌ലാം ജനാധിപത്യത്തിന് യോജിച്ചതാണ് അല്ലെങ്കിൽ– ഇസ്‌ലാമും ജനാധിപത്യവും ചേർന്ന് പോകുന്നതാണ് എന്നതാണ്. എസ്പോസിറ്റോയുടെ പുസ്തകം, പാകിസ്താനിലെ ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ജനാധിപത്യപരമാണ് എന്ന വാദഗതിയെ ശക്തിയായി മുന്നോട്ടുവെക്കുന്നു. ചേർച്ച (compatibility) എന്നത് ഇസ്‌ലാമിന്റെ ഒരു പ്രശ്നമായയാണ് പ്രസ്തുത പുസ്തകം പരിചയപ്പെടുത്തുന്നത്. ജനാധിപത്യം എന്നത് എല്ലാറ്റിനെയും സ്വീകരിക്കുന്ന പ്രശ്നരഹിതമായ ഒരു തത്ത്വചിന്തയായും ലോക വിമോചക പദ്ധതിയായും ഇവിടെ അവതരിപ്പിക്കപ്പെടുന്നു. പ്രശ്നമുള്ളത് ഇസ്‌ലാമിനായിരുന്നുവെന്നും അത് ഇസ്‌ലാമികർ പല രീതിയിൽ പരിഹരിച്ചുവരുന്നുവെന്നുമാണ് എസ്പോസിറ്റോ വാദിച്ചത്. ഇസ്‌ലാമും ജനാധിപത്യവും എന്ന തലക്കെട്ടിലുള്ള ചർച്ചകളിൽ ഒഴിവാക്കാനാവാത്ത സാന്നിധ്യമായിരുന്നു എസ്പോസിറ്റോയുടെ പുസ്തകം. എസ്പോസിറ്റോയുടെ പുസ്തകത്തിന്റെ പരികൽപനാപരമായ പരിമിതി എന്നത് രണ്ട് കാര്യങ്ങളിലാണ്. ഒന്ന്, ജനാധിപത്യത്തിന്റെ ചരിത്രപരത(historicity)യെ അത് കാണുന്നില്ല. പകരം, ജനാധിപത്യത്തെ ഒരു സാർവലൗകിക മൂല്യമായി(universal value) അത് പരിഗണിക്കുന്നു.

രണ്ട്, ആധുനിക ജീവിതത്തിൽ ഇടപെടുന്ന നിരവധി സാമൂഹിക സ്ഥാപനങ്ങളിലൊന്നു മാത്രമായ ഇസ്‌ലാമിനെ മാത്രം തെരഞ്ഞെടുത്ത്,

ജനാധിപത്യവത്കരണത്തിന്റെ പാതയിലാണ് ഇസ്‌ലാമെന്ന് തെളിയിക്കുന്നതിലൂടെ, ഇസ്‌ലാമിന്റെ 'ലോകാപരത്വത്തെ' ഊട്ടിയുറപ്പിക്കുന്നു. അതുവഴി ഇസ്‌ലാമാണ് ലോകത്തിന്റെ പ്രശ്നം എന്നതിനെ പരോക്ഷമായി ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

മേൽപറഞ്ഞ പരികൽപനാപരമായ പ്രശ്നങ്ങൾ ഇസ്‌ലാമിനെക്കുറിച്ച ചർച്ചകളിൽ സ്വാഭാവികമായി ഇന്ന് കടന്നുവരുന്നുണ്ട്. ഈ ചർച്ചയെ കൂടുതൽ സൂക്ഷ്മമായി മുന്നോട്ടുകൊണ്ടുപോകുന്ന ചിന്തകനും ഗവേഷകനുമാണ് അസിഫ് ബയാത്ത്. ഇസ്‌ലാമിക ലോകത്ത് ഇന്ന് നടക്കുന്ന ചർച്ചകളെയും ചലനങ്ങളെയും കുറിച്ചാണ് അസിഫ് ബയാത്തിന്റെ മിക്ക പഠനങ്ങളും. ഇറാനെക്കുറിച്ചാണ് ബയാത്തിന്റെ ഗവേഷണ പഠനങ്ങളിൽ നല്ലൊരു ഭാഗം. ഇറാനിലെ ഇസ്‌ലാമിക പ്രവർത്തനങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചാണ് ബയാത്ത് എഴുതിയിട്ടുള്ളത്. കൂടാതെ ഇസ്‌ലാമിക ലോകത്ത് നടക്കുന്ന സാമൂഹിക ഇടപെടലുകൾ, നവസാമൂഹിക പ്രസ്ഥാനങ്ങളും ഇസ്‌ലാമിക പ്രസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം, മുസ്‌ലിംകളുടെ ദൈനംദിന ജീവിതവും രാഷ്ട്രീയ ജീവിതവും തമ്മിലുള്ള വ്യത്യാസവും സാമ്യതയും തുടങ്ങിയ വിഷയങ്ങളിലും ബയാത്ത് ഏറെ മുന്നോട്ടുപോയി. പ്രധാന പുസ്തകങ്ങൾ ഇവയാണ്:


1. Making Islam Democratic: Social Movements and the Post-Islamist Turn- Stanford University Press-2007

2. Life as Politics: How Ordinary People change the Middle East- Stanford University Press 2010

3. Being Young and Muslim: New Cultural Politics in the Global South and North (Co-edited with L. Herrera). Oxford University Press 2010.

ഇവിടെ ചർച്ച ചെയ്യുന്നത് 2007-ൽ ആംസ്റ്റർഡാം യൂനിവേഴ്സിറ്റി പുറത്തിറക്കിയ 'ഇസ്‌ലാം ആന്റ് ഡമോക്രസി: വാട്ട് ഈസ് ദ റിയൽ ക്വസ്റ്റ്യൻ? (ഇസ്‌ലാമും ജനാധിപത്യവും: എന്താണ് യഥാർഥ ചോദ്യം?) എന്ന പുസ്തകമാണ്. ഈ പുസ്തകം നേരത്തെ സൂചിപ്പിച്ച ജോൺ എൽ എസ്പോസിറ്റോയുടെ പുസ്തകം മുന്നോട്ടുവെച്ച പരികൽപനാപരമായ പ്രശ്നങ്ങളെ മറികടക്കുന്നതാണ്.


മാത്രമല്ല, ഇസ്‌ലാം എന്നു പറയുമ്പോൾ ഉണ്ടാവുന്ന നിരവധി ധാരണകളെ ഇത് പുനഃപരിശോധിക്കുന്നു. ഇസ്‌ലാം സമം ഭീകരവാദം സമം മൗലികവാദം എന്നതിനെക്കുറിച്ച് പുസ്തകം പറയുന്നു. 'ഇസ്‌ലാമിക സമൂഹം' എന്നത് ഏകശിലാത്മക സത്തയാണെന്ന ഓറിയന്റലിസ്റ്റ് നിർമിതിയെ ചോദ്യം ചെയ്യുകയാണ് ബയാത്ത് ചെയ്യുന്നത്. ബയാത്ത് കൂട്ടത്തിൽ ചർച്ച ചെയ്യുന്നത് ജനാധിപത്യത്തെക്കുറിച്ച് കൂടിയാണ്. ജനാധിപത്യം യൂറോപ്പിന്റെ ചരിത്രത്തിലൂടെ എങ്ങനെയാണ് രൂപപ്പെട്ടുവരുന്നതെന്നു കൂടി മാർട്ടിൻ ലൂഥറിന്റെയും മറ്റും ഇടപെടലുകളിലൂടെ കാണിച്ചുതരുന്നു. ഇന്നത്തെ യൂറോ അമേരിക്കൻ വർത്തമാന ജീവിതം ജനാധിപത്യത്തെ എവ്വിധമാണ് പ്രതിനിധീകരിക്കുന്നതെന്നും ബയാത്ത് വിശകലനം ചെയ്യുന്നുണ്ട്. ഇങ്ങനെ ഇസ്‌ലാമിനെ അപരവത്കരണത്തിന്റെ പ്രശ്നങ്ങളിൽ നിന്ന് മാറ്റിനിർത്തിക്കാണാനും ലോകത്തിന്റെ വർത്തമാന ജീവിതത്തിന്റെ സങ്കീർണതകളിൽ പ്രതിഷ്ഠിക്കാനും ബയാത്തിനു സാധിക്കുന്നു. ഇത് സാധ്യമാകുന്നത് ജനാധിപത്യം എന്നത് ഇസ്‌ലാമിനെതിരല്ല എന്ന് പറയുന്നതിലൂടെയല്ല. മറിച്ച് ഇസ്‌ലാമിന് ജനാധിപത്യവുമായി ചേരുമ്പോൾ ഉണ്ടാകുന്ന 'താഴ്ച്ച' എങ്ങനെയാണെന്ന് നോക്കുമ്പോൾ കൂടിയാണ്. ഇത് സംഭവിക്കുന്നത് ഇസ്‌ലാമിനെയും ജനാധിപത്യത്തെയും പ്രധാനപ്പെട്ട രണ്ട് തരം വ്യവഹാരങ്ങളിൽ കൂടി പ്രതിനിധാനപ്പെടുത്തുന്നതിലൂടെയാണ്. ഒന്ന്, ഇന്നത്തെ ലോക സാഹചര്യത്തിൽ ഇസ്‌ലാമിന്റെ സവിശേഷ സ്ഥാനത്തെ കാണുക. പിന്നാക്കാവസ്ഥയുടെയും ആക്രമണോത്സുകതയുടെയും പര്യായമാവുകയും ആധുനികമാവുന്നതിന്റെ എതിരാവുകയും ചെയ്യുന്ന ഒരു ആധിപത്യ നിർമിതിയാണത്. ഇത് ഇസ്‌ലാമിനെ ആധുനികതയുടെ പുറമായും പുറമ്പോക്കായും അടയാളപ്പെടുത്തുന്നു. ഇതിലൂടെ ആധുനികവും പുരോഗമനപരവുമായ മുഴുവൻ ജീവിതാവസ്ഥകളുടെയും എതിരു നിൽക്കുന്ന, ആധുനികത എന്ന വലിയ കഥയിലെ




● ഇസ്‌ലാം സമം ഭീകരവാദം സമം മൗലികവാദം എന്നതിനെക്കുറിച്ച് പുസ്തകം പറയുന്നു. 'ഇസ്‌ലാമിക സമൂഹം' എന്നത് ഏകശിലാത്മക സത്തയാണെന്ന ഓറിയന്റലിസ്റ്റ് നിർമിതിയെ ചോദ്യം ചെയ്യുകയാണ് ബയാത്ത് ചെയ്യുന്നത്. ബയാത്ത് കൂട്ടത്തിൽ ചർച്ച ചെയ്യുന്നത് ജനാധിപത്യത്തെക്കുറിച്ച് കൂടിയാണ്. ജനാധിപത്യം യൂറോപ്പിന്റെ ചരിത്രത്തിലൂടെ എങ്ങനെയാണ് രൂപപ്പെട്ടുവരുന്നതെന്നു കൂടി മാർട്ടിൻ ലൂഥറിന്റെയും മറ്റും ഇടപെടലുകളിലൂടെ കാണിച്ചുതരുന്നു.

പിശാചായി, മറ്റൊരർഥത്തിൽ സമകാലിക ജീവിതമെന്ന ഐതിഹ്യത്തിലെ പിശാചായി ഇസ്‌ലാം സ്ഥാനപ്പെടുന്നു[1] (mythical monster).

രണ്ട്, ജനാധിപത്യമെന്നത് ഇസ്‌ലാമിനേക്കാൾ മേന്മയേറിയ ലോകവിമോചക സംരംഭമാണ്. അതിനാൽ ഇസ്‌ലാമിനനുകൂലമായി ചിന്തിക്കുക എന്നാൽ ജനാധിപത്യവുമായി ഇസ്‌ലാമിന് പ്രത്യേകിച്ച് അകലമൊന്നുമില്ല എന്ന് സ്ഥാപിക്കുകയാണ് എന്ന് വിചാരിക്കുന്നത് മാത്രമല്ല. അതിലൂടെ എന്താണ് സംഭവിക്കുന്നത് എന്ന് പരിശോധിക്കുമ്പോൾ കാര്യങ്ങൾ കൂടുതൽ ബോധ്യമാവും. അതായത് ഇസ്‌ലാം ജനാധിപത്യത്തിനനുകൂലമല്ല എന്ന് പറയുമ്പോഴും ജനാധിപത്യം ഇസ്‌ലാമിന് അനുകൂലമാണെന്ന് പറയുമ്പോഴും ഒരേ ചട്ടക്കൂടാണ് (framework) ഇവിടെ പ്രവർത്തിക്കുന്നത്. ജനാധിപത്യം എന്നത് പ്രശ്നരഹിതമായ ഒരു സംവർഗമാണെന്നും ഇസ്‌ലാമിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ട സാർവലൗകിക റഫറൻസായി ജനാധിപത്യം മാറുന്നുവെന്നുമാണ് അതിനർഥം. ഇവിടെ ജനാധിപത്യം എന്നത് ഇസ്‌ലാമെന്ന പ്രശ്നത്തിന്റെ പരിഹാരമാധ്യമമായി മാറുന്നു. ഇതിലൂടെ ഇസ്‌ലാമിന്റെ ജീവിതത്തെ നിർണയിക്കാനുള്ള നിർവാഹകത്വപരമായ സ്ഥാനം (agential position) നിരാകരിക്കപ്പെടുന്നുണ്ട്. ഇസ്‌ലാമിന്റെ നിർവാഹകത്വത്തെ (Agency) കാണണമെങ്കിൽ ജനാധിപത്യത്തെ അതിന്റെ സാർവലൗകിക ഭാവത്തിൽ നിന്ന് വിമോചിപ്പിച്ച് വർത്തമാന ജീവിതത്തിൽ ഇസ്‌ലാമിനോളം തന്നെ സങ്കീർണമായ ഘടകമായും ദർശനമായും ചരിത്രമായും പരിഗണിക്കേണ്ടതുണ്ട്. ജോൺ എൽ എസ്പോസിറ്റോയിൽ നിന്ന് അസിഫ് ബയാത്ത് പുലർത്തുന്ന വ്യത്യാസം വിശകലനപരമായ ഈ ബലത്തിലും സൂക്ഷ്മതയിലുമാണ്. കുറച്ചുകൂടി കടന്നു ചില ചോദ്യങ്ങൾ ബയാത്ത് ഉന്നയിക്കുന്നു. ജനാധിപത്യ സംവിധാനം, അതിലൂടെ രൂപപ്പെട്ട പൗരത്വം, സാമൂഹിക സാമ്പത്തിക ഘടനകൾ, പൊതു/സ്വകാര്യ ജീവിത വിഭജനങ്ങൾ എന്നിവ ഒരു സമത്വപരമായ ലോകത്തെ നൽകുന്നതിനു പകരം ഇവയുടെ ആൺകോയ്മാപരമായ (patriarchal) ഘടനകളെയാണ് ജനാധിപത്യം ഉണ്ടാക്കാൻ ശ്രമിച്ചതെന്ന് ഫെമിനിസ്റ്റുകൾ ചൂണ്ടിക്കാട്ടുന്നു. ആണുങ്ങൾ തമ്മിൽ അധികാരം പങ്കുവെക്കാനുള്ള ചില പുത്തൻ വ്യവസ്ഥകളുടെയും രീതികളുടെയും പേരാണ് ജനാധിപത്യമെന്ന് (ഫെമിനിസം എന്ന വലിയ വിമർശനം) പങ്കുവെക്കുന്നുണ്ട്. ലോകത്ത് ജനാധിപത്യമെന്ന പേരിലാണ് ഇറാഖിലെയും അഫ്ഗാനിലെയും ദശലക്ഷക്കണക്കിന് മുസ്‌ലിംകൾ കൂട്ടക്കശാപ്പ് ചെയ്യപ്പെട്ടത്. ഇത്തരമൊരു ഹിംസക്ക് കാരണമാകുന്നത് തന്നെ ജനാധിപത്യവും അനുബന്ധ മൂല്യങ്ങളും വളരെയധികം പ്രശ്നരഹിതമായും ചരിത്രരഹിതമായും ഉൾക്കൊള്ളുമ്പോഴാണ്. ഇത് ജനാധിപത്യത്തിന്റെ പ്രശ്നമെന്നതിലുപരി ജനാധിപത്യത്തെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും ആലോചിക്കുന്നതിന്റെയും ചിന്തിക്കുന്നതിന്റെയും രീതിയുടെ പ്രശ്നമാണ്.



■ എസ്പോസിറ്റോ

ലോകത്ത് ജനാധിപത്യമെന്ന പേരിലാണ് ഇറാഖിലെയും അഫ്ഗാനിലെയും ദശലക്ഷക്കണക്കിന് മുസ്‌ലിംകൾ കൂട്ടക്കശാപ്പ് ചെയ്യപ്പെട്ടത്. ഇത്തരമൊരു ഹിംസക്ക് കാരണമാകുന്നത് തന്നെ ജനാധിപത്യവും അനുബന്ധ മൂല്യങ്ങളും വളരെയധികം പ്രശ്നരഹിതമായും ചരിത്രരഹിതമായും ഉൾക്കൊള്ളുമ്പോഴാണ്. ഇത് ജനാധിപത്യത്തിന്റെ പ്രശ്നമെന്നതിലുപരി ജനാധിപത്യത്തെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും ആലോചിക്കുന്നതിന്റെയും ചിന്തിക്കുന്നതിന്റെയും രീതിയുടെ പ്രശ്നമാണ്.

**ഇസ്‌ലാമിസം, പോസ്റ്റ്-ഇസ്‌ലാമിസം**


ജനാധിപത്യത്തെക്കുറിച്ച നിരീക്ഷണങ്ങൾക്ക് പുറമെ സമകാലിക ഇസ്‌ലാമിക ചലനങ്ങളെ അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന പദാവലിയായ 'ഇസ്‌ലാമിസം' എന്താണെന്ന ചർച്ച കൂടി ബയാത്ത് നടത്തുന്നു. ഇസ്‌ലാമിനെക്കുറിച്ച യൂറോ കേന്ദ്രീകൃത ജ്ഞാനവ്യവഹാരങ്ങളിൽ കടന്നുവരുന്ന മുഖ്യപദമാണ് ഇത്. മാധ്യമങ്ങൾ, അനലിസ്റ്റുകൾ, അക്കാദമികൾ ഇവയൊക്കെ ഈ പദം ധാരാളമായി എടുത്തുപയോഗിക്കുന്നു. ഇത്തരമൊരു സംജ്ഞയുടെ ചരിത്രത്തെക്കുറിച്ച് സാഹസ ധാരണകൾ പങ്കുവെക്കാൻ അസിഫ് ബയാത്ത് തയാറാവുന്നു. ഇറാൻ വിപ്ലവം, അതിന് മുമ്പ് ദേശരാഷ്ട്രങ്ങളുടെ രൂപീകരണം, അതിനും മുമ്പ് കൊളോണിയലിസവും അതിനെതിരായ പോരാട്ടവും ഇങ്ങനെ വ്യത്യസ്തമായ ചരിത്ര സന്ധികളെ അഭിമുഖീകരിക്കുന്ന ഒരു പ്രതിഭാസമാണ് ഇസ്‌ലാമിസം. ഇസ്‌ലാമിനെ സമകാലിക ജീവിതവുമായി ചേർത്തുനിർത്തി വായിക്കുകയും ഇടപെടുകയും ചെയ്യുന്ന രീതിയാണത്. ഇതേ അർഥത്തിലല്ലാതെ ഇസ്‌ലാമിസത്തെ കാണുന്നവരുമുണ്ടെന്ന് മനസ്സിലാക്കേണ്ടത് അത്യാവശ്യമാകുന്നു. അവരെ സംബന്ധിച്ചേടത്തോളം ആധുനികമാവുന്നതിന്റെ നേർവിപരീതമാണ് ഇസ്‌ലാമിസം. എന്നാൽ, ബയാത്ത് ചരിത്രത്തെ കാണുകയും അതിനകത്ത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളെയും ഇടപെടലുകളെയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നതിലൂടെയാണ് 'ഇസ്‌ലാമിസ'ത്തെ കണ്ടെടുക്കുന്നത്. തുടർന്ന്, കോളനിവിരുദ്ധ സമരങ്ങൾ, ദേശരാഷ്ട്രങ്ങളുടെ ഉദയം, ഇറാൻ വിപ്ലവം- ഇവക്കു

ശേഷം ഇസ്‌ലാമിസത്തിനു സംഭവിക്കുന്ന വികാസം പഠിക്കുമ്പോഴാണ് പുതിയ ചില മാറ്റങ്ങൾ അസിഫ് ബയാത്ത് കാണുന്നത്. ഈ പഠനത്തിൽ ചില മാറ്റങ്ങൾ അസിഫ് ബയാത്ത് കോറിയിടുന്നു. ഈ മാറ്റങ്ങളെ വിശദീകരിക്കാൻ പോസ്റ്റ്-ഇസ്‌ലാമിസം (ഉത്തര ഇസ്‌ലാമിസം) എന്ന പ്രയോഗം ബയാത്ത് വികസിപ്പിക്കുന്നത് 1995-ലാണ്. ബയാത്ത് എഴുന്നു: 'ആ പദത്തിന്റെ ഉൾക്കാമ്പ്, ഇസ്‌ലാമിസത്തിന്റെ അന്തസ്സത്തയിൽ സംഭവിക്കുന്ന ആശയപരവും പ്രായോഗികവും സമീപനപരവുമായ മാറ്റത്തെയാണ് കുറിക്കുന്നത്. ഇസ്‌ലാമിസം അകത്തുനിന്നും പുറത്തുനിന്നും മാറുന്നതിന്റെയും മാറ്റപ്പെടുന്നതിന്റെയും രീതിയാണത്' (പേജ് 18). ഇന്ത്യയിൽ ജമാഅത്തെ ഇസ്‌ലാമിക്ക് സംഭവിക്കുന്ന മാറ്റത്തെക്കുറിച്ച് പറയുമ്പോൾ ബയാത്ത് ജമാഅത്ത് എൺപതുകളോടെ ഇലക്ഷൻ രാഷ്ട്രീയത്തിലേക്ക് കടക്കുന്നതിനെ, ഒരേസമയം ജമാഅത്ത് നടത്തുന്ന പുനർവിചിന്തനവും അതേസമയം ജമാഅത്തിനെതന്നെ മാറ്റുന്ന വിധത്തിൽ ഇന്ത്യയിലൊട്ടുക്കും നടക്കുന്ന മാറ്റങ്ങളും എന്ന രീതിയിൽ കാണാൻ കഴിയുമ്പോൾ, 1940-1970 കാലഘട്ടത്തിൽ നിന്ന് വിഭിന്നമായ ഒരു സാമൂഹിക ക്രമത്തെ '80-കളിൽ അഭിസംബോധന ചെയ്യുന്ന ഒരു പ്രസ്ഥാനമാണ് നമ്മുടെ മുമ്പിൽ വരുന്നത്. 1940-1970-ൽ ജമാഅത്ത് പുലർത്തിയ നിലപാടുകൾ ലോകമൊട്ടുക്കുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പുലർത്തുന്ന സമീപനവുമായി അഥവാ ഇസ്‌ലാമിസം എന്ന് അസിഫ് ബയാത്ത് പരിചയപ്പെടുത്തുന്ന സമീപനങ്ങളുമായി വളരെയധികം സാമ്യമുണ്ട്. എന്നാൽ, '80-കൾക്കു ശേഷം ഇന്ത്യയുടെ പലതരത്തിലുള്ള സവിശേഷതകളായ ന്യൂനപക്ഷം, ലിംഗഭേദം, ജാതി, സമുദായം തുടങ്ങിയ പ്രശ്നമേഖലകളെ കൂടി ജമാഅത്ത് സൂക്ഷ്മമായി അഭിസംബോധന ചെയ്യുന്നുവെന്ന് മനസ്സിലാക്കാം. ഇതൊരു പോസ്റ്റ്-ഇസ്‌ലാമിക് തിരിവ്(turn) എന്നർഥത്തിൽ കാണാൻ സാധി



■ *അസിഫ് ബയാത്ത്*

ക്കുമോ എന്ന ചോദ്യം അസിഫ് ബയാത്തിലൂടെ ഉന്നയിക്കാൻ ശ്രമിക്കുകയാണ്. കാരണം, ഇസ്‌ലാമെന്നത് ഒരു ഏകശിലാത്മക (monolithic) സത്തയാണെന്ന പ്രചാരണത്തോളം പഴക്കമുള്ളതും ആഴമുള്ളതുമാണ് ഇസ്‌ലാമിക പ്രസ്ഥാനം മാറാൻ പാടില്ലാത്തതാണെന്ന വാദവും. ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ ചരിത്രത്തോട് ഇടപെട്ട് മുന്നേറിയ ഒരു ഇസ്‌ലാമിക സംഘത്തെയും ഇടപെടലുകളെയും പുതിയ വൈജ്ഞാനിക നിർമിതികളിലൂടെ സാന്നിധ്യപ്പെടുത്തുന്നതിന് ഇത്തരം സംവാദശേഷിയുള്ള പുസ്തകങ്ങൾ




ഉതകുമെന്ന് പ്രതീക്ഷിക്കാം. കാരണം, താടിയും തൊപ്പിയും അല്ലാഹു അക്ബർ എന്ന ആക്രോശവും ചേർന്നതാണ് ഇസ്‌ലാം എന്ന വാർപ്പു മാതൃകയെ അപനിർമിക്കുന്നതിന് ഇത്തരം പഠനങ്ങൾ ആവശ്യമാണ്. കഴിഞ്ഞ വർഷം അന്തരിച്ച അൾജീരിയൻ ഇസ്‌ലാമിക ചിന്തകനായ മുഹമ്മദ് അർകൂന്റെ ഒരു നിരീക്ഷണം എഡ്വേർഡ് സൈദ് എടുത്തു ചേർക്കുന്നുണ്ട്.[2] ഇത്തരം വൈജ്ഞാനിക രാഷ്ട്രീയത്തിന്റെ പ്രാധാന്യം അർകൂൻ മനസ്സിലാക്കുന്നു. അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക: "ഇസ്‌ലാമിക പഠനത്തെക്കുറിച്ച അക്കാദമിക വ്യവഹാരങ്ങൾ, ഇസ്‌ലാമിക ജീവിതം എത്ര വ്യത്യസ്തവും വൈവിധ്യവുമായ പഠനങ്ങൾ, സിദ്ധാന്തങ്ങൾ, ചിന്താസരണികൾ, സാംസ്കാരിക മണ്ഡലങ്ങൾ ഇവ കൂടിച്ചേർന്നതാണെന്ന വസ്തുത മറക്കുകയും അവയെ ഒരൊറ്റക്കാൽ കാഴ്ചപ്പാടിലേക്ക് ഒതുക്കുകയും ചെയ്യുന്നു. എന്നാൽ പാശ്ചാത്യ സമൂഹങ്ങളെക്കുറിച്ചുള്ള പഠനം സവിശേഷ ശ്രദ്ധയോടെയും വിശദാംശങ്ങളിലേക്ക് ആഴ്ന്നിറങ്ങിയും സൂക്ഷ്മ വ്യത്യാസങ്ങളെ അടയാളപ്പെടുത്തിയുമുള്ള സിദ്ധാന്ത നിർമിതിയിൽ ശ്രദ്ധിക്കുന്നു. ഇസ്‌ലാമിക ലോകത്തെക്കുറിച്ച് പഠിക്കുമ്പോൾ ഇത്തരമൊരു ശ്രദ്ധ ആവശ്യമില്ലെന്ന് വരികയും പാശ്ചാത്യ സമൂഹങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ ഇതാവശ്യമുണ്ടെന്ന് വരികയും ചെയ്യുന്നത് എത്രത്തോളം ദൗർഭാഗ്യകരമാണ്." ■

**കുറിപ്പുകൾ**

1. ഫാത്തിമ കെഷാവ്സ്: ജാസ്മിൻ ആന്റ് സ്റ്റാർസ്: റീഡിംഗ് മോർദാൻ ലോലിത ഇൻ തെഹ്റാൻ (യു.എൻ.സി പ്രസ്, 2007)

2. p 171. Covering Islam: How the media and rest of the world determine how we see rest of the world. Edward Said-Vintage- 1997